# നെൽസനും ബോതിനിയും പിന്നെ ഹൈന്ദവതയും

സ്വന്തം ലേഖകൻ

ബോതിനി ഇന്നിന്റെ ശാപമാകുകയാണ്. നെൽസന്റെ മഹദ്വചനങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത് സംഘപരിവാരിന്റെ ആക്രോശമാണ്. നഗരവീഥിയുടെ ചുമരുകളിൽ പുതുമനല്ലാനായി നെൽസന്റെ കൈയിൽ ഇന്ന് ഒന്നും അവശേഷിക്കുന്നില്ല. ഭ്രരിപക്ഷവർഗ്ഗീയ ജല്പനങ്ങളൊഴിച്ചാൽ ബോതിനിയുടെ വേറിട്ട കാഴ്ചകൾ ഇവിടെ അവസാനിക്കുന്നു.

എല്ലാ ശിശുക്കളും ഹിന്ദുതന്നെ, ഹിന്ദുമതം സത്യാധിഷ്ഠിതം എന്നീ പോസ്റ്ററുകളോടെ തന്റെ ദൗത്യത്തിന്റെ രണ്ടാംഘട്ടം ആരഭിച്ചുവെന്ന് നെൽസൺ. ഹിന്ദു ധർമ്മത്തിന്റെ പുനഃസ്ഥാപനമാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നതെന്ന് ചുമരെഴുത്തുകളിലൂടെ ബോതിനി തെളിയിക്കുന്നു. ആർ.എസ്.എസ്. പോലുള്ള ഹൈന്ദവ സംഘടനകൾ മടിച്ചുനിൽക്കുന്നിടത്താണ് നെൽസന്റെ ക്രൈസ്തവ വിരുദ്ധ ആക്രമണം. അതുകൊണ്ടുതന്നെ കൂടുതൽ എതിർക്കപ്പെടേണ്ടതും നിസ്സാരനെന്നു കരുതുന്ന ഇത്തരം ഫാസിസ്റ്റുകളെത്തന്നെ.

നെൽസൻ ഇന്നത്തെ രാഷ്ട്രീയ സാമൂഹിക സ്ഥിതിയനുസരിച്ച് ഒറ്റയ്ക്കാവാൻ തരമില്ല. നിശബ്ദ പിന്തുണകൾ ഒരു പ്രസ്ഥാനത്തിലേക്കോ അതല്ലെങ്കിൽ രാഷ്ട്രീയ കക്ഷിയിലേക്കോ നെൽസനെ കൊണ്ടെത്തിച്ചേക്കും. അതുകൊണ്ടുതന്നെ നാളത്തെ ഹിറ്റ്ലറെ ഉണ്ടാക്കുന്നതിനേക്കാൾ നല്ലത് ഇന്നത്തെ ചാപ്ലിനെ പ്രോത്സാഹിപ്പിക്കാതിരിക്കുകയാണ്.